# അധ്യക്ഷനായ ദളിത് അംഗത്തിന് ക്രൂരമർദ്ദനം

യോഗത്തിൽ അധ്യക്ഷത വഹിച്ച ദളിത് പഞ്ചായത്തംഗത്തിന് സവർണരുടെ ക്രൂരമർദ്ദനം. തമിഴ്നാട്ടിലെ തിരുനെൽവേലി ജില്ലയിലാണ് സംഭവം. കുറ്റാലം ശങ്കരൻകോവിൽ പി.എം.ടി. കോളേജ് വിദ്യാർത്ഥികളുടെ എൻ.എസ്.എസ്. ക്യാമ്പിൽ ഭഗത്സിങ്ങ് ദിനത്തോടനുബന്ധിച്ച് സംഘടിപ്പിച്ച യോഗത്തിൽ അധ്യക്ഷത വഹിച്ച പി. രമേഷിനാണ് മർദ്ദനമേറ്റത്. സ്റ്റേജിലേക്ക് ഇരച്ചു കയറിയ സവർണ്ണർ രമേഷിനെ വലിച്ച് താഴെയിട്ടുകയും മർദ്ദിച്ച് അവശനാക്കുകയും ചെയ്തു. രമേഷ് ഇരുന്ന കസേര വെട്ടി നുറുക്കിയ സവർണ്ണർ, ദളിതൻ അധ്യക്ഷനാവാൻ യോഗ്യനല്ല എന്ന് പ്രഖ്യാപിക്കുകയും ചെയ്തു. തീണ്ടലും തൊടീലും ഇന്നും നിലനിൽക്കുന്ന കാശിമേലൂർപുരം ഗ്രാമത്തിൽ കഴിഞ്ഞ രണ്ടു വർഷത്തിലധികമായി രമേഷിന്റെ നേതൃത്വത്തിൽ ഡി.വൈ.എഫ്.ഐ നടത്തിവരുന്ന അവകാശപ്പോരാട്ടങ്ങളാണ് സവർണരെ പ്രകോപിപ്പിക്കുന്നത്. (അവലംബം: ദേശാഭിമാനി)